# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5959 8.7.2013-ൽ മറുപടിയ്ക്ക്
## ഗ്രാമം നിറയെ കോഴി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.ഡി.ദേവസ്സി | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും,മൃഗസംരക്ഷണവും അച്ചടിയും,സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) 'ഗ്രാമം നിറയെ കോഴി' , 'വീട്ടിൽ ഒരു മാവ്' എ) പദ്ധതികൾ എല്ലാ പഞ്ചായത്തിലും നടപ്പിലാക്കുന്നതിനായി നടപടി സ്വീകരിക്കുമോ? | 'ഗ്രാമം നിറയെ കോഴി' എന്ന പദ്ധതി ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് എല്ലാ പഞ്ചായത്തിലും നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.<br>ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതിയുടെ മാവിന്റെ വിളവിസ്തൃതി വ്യാപനം എന്ന ഘടകം 'ഒരു വീട്ടിൽ ഒരു മാവ് ' എന്ന പേരിലാണ് 2013-14 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്നത്. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന്റെ 2013-14 -ലെ വാർഷിക കർമ്മ പദ്ധതി പ്രകാരം 500 ഹെക്ടർ സ്ഥലത്ത് മാവിന്റെ വിളവിസ്തൃതി വ്യാപിപ്പിക്കുന്നതിന് 90 ലക്ഷം രൂപ ചെലവഴിക്കുന്നതിന് ദേശീയ ഹോർട്ടിക്കൾച്ചറൽ മിഷനിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതി ഇതുവരെ നടപ്പിലാക്കാത്ത തിരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്തുകളിൽ നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്. |

Seele

**സെക്ഷൻ ഓഫീസർ**